I/171110/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035

ഫോൺ: 04712302490 ഫാക്സ്:04712303025/20303080

**ഇ-മെയിൽ** :dhskerala.hlth@kerala.gov.in

**വെബ്സൈറ്റ്:** www.dhs.kerala.gov.in

നം.ഇബി 1-13639/2021/ആവഡ                                        തീയതി: 06-03-2024

<u>സർക്കുലർ</u>

വിഷയം: സീനിയർ റസിഡൻസി ചെയ്യുന്നതിനുള്ള ശൂന്യവേതനാവധി സംബന്ധിച്ച്

സൂചന: No.342/E1/H&FWD, TVPM dtd:21/02/2024

പിജി പഠനത്തോടൊപ്പമുള്ള നിർബന്ധിത ബോണ്ടിന്റെ ഭാഗമായുള്ള റസിഡൻസി പ്രോഗ്രാമിനെ മാത്രമേ കോഴ്സിന്റെ ഭാഗമായി കാണാനും ടി ആവശ്യത്തിലേയ്ക്കായി പഠനാവശ്യത്തിനായുള്ള അവധി അനുവദിക്കാനും കഴിയൂ എന്നും ആയതിനാൽ ആരോഗ്യവകുപ്പിലെ സർക്കാർ ഡോക്ടർമാർക്ക് ബോണ്ടഡ് ഒബ്ലിഗേഷന്റെ ഭാഗമായല്ലാതെ മെഡിക്കൽ കോളേജുകളിൽ കരാർ നിയമനം ലഭിക്കുന്നതിനായി എൻ.ഒ.സി നൽകുവാനും വിടുതൽചെയ്യുവാനും കഴിയില്ല എന്നും ഇത്തരം നിയമനം മെച്ചപ്പെട്ട ജോലിയായി മാത്രമേ കാണുവാനാകൂ എന്നും സർക്കാർ ഡോക്ടർമാർക്ക് ബോണ്ടഡ് ഒബ്ലിഗേഷന്റെ ഭാഗമായല്ലാതെ മെഡിക്കൽ കോളേജുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് 13/01/2019 ലെ സർക്കാർ ഉത്തരവിലോ റസിഡൻസി മാനുവലിലോ വ്യവസ്ഥ

I/171110/2024

ചെയ്യുന്നില്ല എന്നും അതിനാൽ ആയതിന് പഠനാവശ്യത്തിനായി അവധി അനുവദിക്കാനാവില്ല എന്നും സൂചന പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു.

ഡോക്ടർമാരുടെ പഠനാവശ്യത്തിനുള്ള അവധി അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്കു ഫോർവേഡ് ചെയ്യുമ്പോൾ മേല്പ്പറഞ്ഞ സർക്കാർ കത്തിലെ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ട് എന്ന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീർമാരും ശ്രദ്ധിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 06-03-2024 18:39:59

ആരോഗ്യവകുപ്പ് ഡയറക്ടർ

പകർപ്പ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

ആരോഗ്യവകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകൾക്കും

**Web Site**